A3/91/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - തെയ്യം കലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ഒന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.310/2025/CLAD തീയതി, തിരുവനന്തപുരം, 28-05-2025

---

പരാമർശം:- സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 07.05.2025 തീയതിയിലെ എ2/776/2025/സാം.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ പ്രവർത്തിക്കുന്ന തെയ്യം കലാ അക്കാദമിക്ക് 2025-26 സാമ്പത്തികവർഷം 2205-00-102-77-59-00-00-N-V എന്ന ശീർഷകത്തിൽ 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരയിനത്തിൽ 25,00,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനുള്ള തെയ്യം കലാ അക്കാദമി സെക്രട്ടറിയുടെ അപേക്ഷ പരാമർശം പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ പ്രവർത്തിക്കുന്ന തെയ്യം കലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷം 2205-00-102-77-59-00-00-N-V എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഒന്നാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക 04/01/2021-ലെ സർക്കുലർ നമ്പർ 1/2021/Fin-ലെ നിബന്ധന പ്രകാരം തെയ്യം കലാ അക്കാദമിയുടെ പാനൂർ സബ് ട്രഷറിയിലുള്ള 799011400007747 എന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തെയ്യം കലാ അക്കാദമി, ചൊക്ലി, തലശ്ശേരി, കണ്ണൂർ.

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം,

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, പാനൂർ.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (3143566/ EDN-C5/63/2025-FIN dated 21.05.2025)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 29-05-2025 11:04:07